കൃഷിയും കയറും വകുപ്പുമന്ത്രി ശ്രീമതി (കെ. ആർ. ഗൗരിയമ്മ)

(എ) നഗരത്തിലെ വീടുകളുടെ ലഭ്യമായ ടെറസ് ഉൾപ്പെടെയുള്ള സ്ഥലം അങ്ങേയറ്റം ഉപയുക്തമാക്കിക്കൊണ്ട് കൃഷി നടപ്പിലാക്കാനും അതുവഴി ഒരു വീട്ടിലേക്കാവശ്യമായ പച്ചക്കറികളും ഫലങ്ങളും ഉല്പാദിപ്പിക്കുവാനും ആണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ വീട്ടിലും പരിസരത്തും ലഭ്യമാകുന്ന ജൈവാവശിഷ്ടങ്ങളെ പരിസര മലിനീകരണത്തിന് ഇടയാക്കാൻ അനുവദിക്കാതെ മൂല്യവർദ്ധിത ജൈവ വളമാക്കിമാറ്റി (മണ്ണിര കംമ്പോസ്റ്റ് നിർമ്മാണത്തിന്) പൂച്ചെടികൾക്കും, പച്ചക്കറികൾക്കും ജൈവവളം ലഭ്യമാക്കുക എന്നതും പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നു.

(ബി) തുടക്കമെന്ന നിലയ്ക്ക് ഈ സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ ഏരിയയിൽ പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) ഇതിനകം 360 യൂണിറ്റുകളിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(ഡി) 2004-2005-ലെ പദ്ധതിയനുസരിച്ച് 500 ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് പച്ചക്കറി വിത്തുകൾ, ഫലവർഗ്ഗ വൃക്ഷത്തൈകൾ, വാഴത്തൈകൾ എന്നിവ നൽകുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

പൊതുവിതരണ മേഖല നേരിടുന്ന പ്രശ്നങ്ങൾ

*21 [81] ശ്രീ. വി. ചെന്താമരാക്ഷൻ:

" എ. സി. മൊയ്തീൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സമ്പ്രദായം നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് സിവിൽ സപ്ലൈസ് വകുപ്പിന്റെ പങ്കിനെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പഠനം നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയത്; പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് വകുപ്പിന് കീഴിൽ എത്ര മാവേലി സ്റ്റോറുകളും നീതി സ്റ്റോറുകളും ലാഭം മാർക്കറ്റുകളും പ്രവർത്തിച്ചുവരുന്നുണ്ട്; ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് ഇവ എത്രയെണ്ണമുണ്ടായിരുന്നു;

(ഇ) നീതി സ്റ്റോറുകൾ അടച്ചുപൂട്ടാനുണ്ടായ സാഹചര്യമെന്താണ്; ഈ സർക്കാരിന്റെ കാലത്ത് എത്ര എണ്ണം അടച്ചുപൂട്ടിയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ:)

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 63,89,848 റേഷൻ കാർഡുകൾ കമ്പ്യൂട്ടർ സഹായത്തോടെ പുതുക്കി നൽകി. വീട്ടു നമ്പരില്ലാത്ത 2380 കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകി. അന്ത്യോദയ, അന്നയോജന പദ്ധതിയിൽ 119200 കുടുംബങ്ങളെ കൂടി ചേർത്തു. റേഷൻ വ്യാപാരി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള റേഷൻ വ്യാപാരികൾക്ക് നൽകുന്ന പെൻഷൻ 150 രൂപായിൽ നിന്നും 500 രൂപാ ആയി 2003 ഏപ്രിൽ മുതൽ വർദ്ധിപ്പിച്ചു നൽകി. ഉപഭോക്തൃ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സെക്രട്ടേറിയറ്റിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ ഒരു പ്രത്യേക വിംഗ് രൂപീകരിച്ചു. ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾ കൂടുതൽ കാര്യക്ഷമമാക്കി. ബി. പി. എൽ. കാർഡുടമകൾക്ക് ഗോതമ്പ് കൂടി ബി. പി. എൽ. നിരക്കിൽ ലഭ്യമാക്കി. റേഷൻ കടകളിൽ സ്റ്റോക്കും വിലയും പ്രദർശിപ്പിക്കണം എന്ന നിർദ്ദേശം കർശനമായി നടപ്പാക്കി. എ.എ.വൈ. അന്നപൂർണ്ണ ഉപഭോക്താക്കളുടെ ലിസ്റ്റ് റേഷൻ കടകളിൽ പ്രദർശിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാരിന്റെ ശക്തമായ ഇടപെടലിലൂടെ എഫ്.സി.ഐ.യുടെ എല്ലാ ഡിപ്പോകളിലും എല്ലായ്പ്പോഴും ആവശ്യാനുസരണമുള്ള ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത, വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തി. അരിയുടെ ഗുണനിലവാരം ഉയർത്തി, ബി. പി. എൽ. അരിയുടെ ചെലവ് 100 ശതമാനമാക്കാൻ കഴിഞ്ഞു. റേഷൻ വ്യാപാരം അക്ഷീണം നടത്തിക്കൊണ്ടുപോകുന്നതിന് സഹായമാകുന്നതിനായി വ്യാപാരികൾക്കുള്ള കമ്മീഷൻ വർദ്ധിപ്പിച്ചു. മാറിവരുന്ന ഉപഭോക്തൃ സംസ്കാരത്തിന് അനുയോജ്യമായ രീതിയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ നവീകരിക്കുവാനും അതിന്റെ ഭാഗമായി മാവേലിസ്റ്റോറുകളുടെ വിറ്റുവരവ് വർദ്ധിപ്പിച്ച് ഉപഭോക്താക്കളെ കൂടുതൽ ആകർഷിക്കുന്ന വിധത്തിൽ വിപണന സാധ്യത, 500 സ്ക്വയർ അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടം, 10,000 രൂപയ്ക്ക് അടുത്ത് പ്രതിദിന വിറ്റുവരവ് എന്നീ മാനദണ്ഡങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 100 മാവേലി സ്റ്റോറുകളെ ഇതിനകം ലാഭം സപ്ലൈകോ മാർക്കറ്റുകളാക്കി മാറ്റിയിട്ടുണ്ട്. തന്മൂലം മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ വിറ്റുവരവിൽ 63% മുതൽ 95% വരെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ ആകെ 121 ലാഭം സപ്ലൈകോ മാർക്കറ്റുകൾ പ്രവർത്തിച്ചുവരുന്നു. മാവേലി സാധനങ്ങൾ പാക്കറ്റുകളിലാക്കി സ്വയം തെരഞ്ഞെടുക്കുവാനുള്ള സൗകര്യം, ആകർഷണീയമായ രീതിയിലുള്ള പ്രദർശനം, കമ്പ്യൂട്ടറൈസ്ഡ് ബില്ലിംഗ് തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ലാഭം സപ്ലൈകോ മാർക്കറ്റുകളിൽ ലഭ്യമാണ്. കൂടാതെ നടപ്പു സാമ്പത്തിക വർഷം 79 പുതിയ ലാഭം മാർക്കറ്റുകൾ കൂടി ആരംഭിക്കുവാൻ നടപടികൾ നടന്നുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നിത്യോപയോഗ സാധനങ്ങൾ സപ്ലൈകോയുടെ മാവേലിസ്റ്റോറുകളിലൂടെ ഓരോ മാസവും സർക്കാർ നിശ്ചയിക്കുന്ന സബ്സിഡൈസ്ഡ് വിലയിൽ വിതരണം ചെയ്തുവരുന്നു. കൂടാതെ സംസ്ഥാനത്ത് മാവേലിസ്റ്റോറുകൾ നിലവിലില്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഓരോ മാവേലിസ്റ്റോറുകൾ തുറന്നു പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ പൊതു വിപണിയിൽ ഉണ്ടാകുവാനിടയുള്ള വിലക്കയറ്റത്തെ തടഞ്ഞുനിർത്തുന്നതിനായി പൊതു കമ്പോളങ്ങളിൽ ഇടപെടുക എന്ന ലക്ഷ്യത്തോടുകൂടി കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംസ്ഥാനത്ത് ഒട്ടാകെ ഓണം, റംസാൻ, ക്രിസ്തുമസ് ഫെയറുകളും സംഘടിപ്പിച്ചു വരുന്നു. ശബരിമലയിൽ മണ്ഡല മകരവിളക്ക് കാലങ്ങളിൽ എത്തിചേരുന്ന ഭക്ത ജനങ്ങൾക്ക് സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് ഭക്ഷണ സാധനങ്ങൾ നൽകുന്നതിന് സ്പ്ലൈകോ ഹോട്ടലുകളും സംഘടിപ്പിച്ചു വരുന്നു.

(ഡി ആന്റ് ഇ) ഇപ്പോൾ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾ വിൽക്കുന്ന 981 ചില്ലറ വില്പന ശാലകളുണ്ട്. അവയുടെ കണക്ക് ഇപ്രകാരമാണ്.

മാവേലിസ്റ്റോറുകൾ	..	839
ലാഭം മാർക്കറ്റുകൾ	..	121
മൊബൈൽ മാവേലിസ്റ്റോറുകൾ	..	21
ആകെ	..	981

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾ വിൽക്കുന്ന 875 ചില്ലറ വില്പനശാലകളെയുണ്ടായിരുന്നുള്ളു. അതായത് 854 മാവേലിസ്റ്റോറുകളും 21 മൊബൈൽ മാവേലി സ്റ്റോറുകളും. ഈ സർക്കാരിന്റെ കാലത്ത് 85 മാവേലി സ്റ്റോറുകളും 21 ലാഭം മാർക്കറ്റുകളും അധിക മായി തുറക്കുകയും 100 മാവേലിസ്റ്റോറുകളെ ലാഭം മാർക്കറ്റുകളാക്കി ഉയർത്തുകയും ചെയ്തു. നീതിസ്റ്റോറുകൾ സിവിൽ സപ്ലൈസ് വകുപ്പിന് കീഴിലല്ല പ്രവർത്തിക്കുന്നത്.

അവശകലാകാരന്മാർക്ക് ക്ഷേമനിധി

*22 [82] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശത അനുഭവിക്കുന്ന കലാകാരന്മാർക്ക് പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്താൻ സർക്കാരിന് പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ ഒരു കമ്മീഷനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly